കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC)
CIN: U74900KL2016SGC040120
www.keralapottery.org

22/02/2021

# പത്രക്കുറിപ്പ്

## KSPMMWDC – കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ-മൺപാത്ര നിർമ്മാതാക്കളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.

കേരള സംസ്ഥാനത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മൺകല കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൺകല കമ്പോസ്റ്റ്പാത്രം വിതരണം ചെയ്യുന്നതിനു സർവ്വീസ് പ്രൊവൈഡറായി കോർപ്പറഷനെ നിശ്ചയിച്ചു കൊണ്ട് കേരള ശുചിത്വമിഷൻ ഉത്തരവായിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിന് കോർപ്പറേഷൻ നൽകുന്ന നിർദ്ദേശപ്രകാരം നിശ്ചിത അളവിലുള്ള മൺകല കമ്പോസ്റ്റ് പാത്രം (മുച്ചട്ടി) വിതരണം ചെയ്യുന്നതിന് മൺപാത്ര നിർമ്മാതാക്കളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചുകൊള്ളുന്നു.

കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ ഇതോടൊപ്പമുള്ള കോർപ്പറേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള താൽപര്യപത്രം പൂരിപ്പിച്ച് 5/03/2021 ന് മുൻപ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിൽ അയച്ചുതരേണ്ടതാണ്.

അംഗീകരിക്കുന്ന താൽപര്യപത്രം സമർപ്പിച്ച വ്യക്തികൾ/സ്ഥാപനങ്ങൾ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

പൊതു നിബന്ധനകളും താൽപര്യപത്രത്തിന്റെ മാതൃകയും കോർപ്പറേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (www.kerala pottery.org)

പൊതുനിബന്ധനകൾ അംഗീകരിച്ചുകൊണ്ട് ലഭിക്കുന്ന താൽപര്യപത്രം അടിസ്ഥാനപ്പെടുത്തി തയ്യാറാക്കുന്ന ഉൽപാദകരുടെ യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടുന്ന വ്യക്തി/സ്ഥാപനത്തിന് കോർപ്പറേഷന് അടുത്ത രണ്ട് വർഷത്തേക്ക് ലഭിക്കുന്ന ഓർഡറുകൾ അനുസരിച്ചുള്ള ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് അർഹതയുണ്ടായിരിക്കും. ഇത്തരത്തിൽ ലിസ്റ്റ് ചെയ്യപ്പെടുന്ന ഉൽപാദകർ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടണം.

നിശ്ചിത തീയതിക്ക് മുൻപ് താൽപര്യപത്രം, **മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ, അയ്യങ്കാളി ഭവൻ, രണ്ടാം നില, കനകനഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.**

മാനേജിംഗ് ഡയറക്ടർ